**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **198**     **07.07.15 ൽ മറുപടിയ്ക്ക്**

**അനധികൃതക്വാറികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| | **ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. വി. ശശി<br>ശ്രീ. ഇ. കെ വിജയൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ലൈസൻസില്ലാതെ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; അനധികൃതക്വാറികൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലൈസൻസില്ലാതെ 274 ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം ക്വാറികളുടെ പ്രവർത്തനം സ്റ്റോപ്പ് മെമ്മോ വഴി നിരോധിക്കുകയും, അനധികൃതഖനനത്തിന് റോയൽറ്റിയും പിഴയും ഈടാക്കുകയും പിഴ ഒടുക്കാത്ത ക്വാറികൾക്കെതിരെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015 പ്രകാരം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | പാറപൊട്ടിക്കലിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ കൈവശം വയ്ക്കുന്നതിനും ഉപയോഗിക്കുന്നതിനും നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ബി) | 1884 ലെ എക്സ്പ്ലോസീവ് ആക്ടും അതിന് അനുസൃതമായി തയ്യാറാക്കിയ ചട്ടങ്ങൾ, ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, തുടങ്ങിയവ അനുസരിച്ചാണ് ക്വാറികൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നത്. ബന്ധപ്പെട്ട ജില്ലാ കളക്ടർ, ജില്ലാ ഭരണകൂടം, പോലീസ് എന്നിവർ സമയബന്ധിതമായി പരിശോധനകൾ നടത്തി സ്ഫോടകവസ്തുക്കളുടെ അളവ്, അവ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള നിബന്ധനകളുടെ പാലനം എന്നിവ ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്നു. മൈനിംഗ് ലീസ് മുഖാന്തിരം പ്രവർത്തിക്കുന്ന ക്വാറികളുടെ കാര്യത്തിൽ, മൈൻ സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടെ ബാംഗ്ലൂർ റീജിയണൽ ഓഫീസ് മുഖാന്തിരവും പരിശോധനകൾ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**